പതിനഞ്ചാം  കേരള നിയമസഭ

ബിൽ നമ്പർ 110

# 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം  കേരള നിയമസഭ

ബിൽ നമ്പർ 110

# 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ

645/2021.

# 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ

1969-ലെ കേരള സഹകരണ സംഘ ആക്റ്റ്

വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1969-ലെ കേരള സഹകരണ സംഘ ആക്റ്റ് (1969-ലെ 21-ാം ആക്റ്റ്) ഇതിനു ശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2021 ഫെബ്രുവരി 12-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 28-ാം വകുപ്പിന്റെ ഭേദഗതി.—1969-ലെ കേരള സഹകരണ സംഘ ആക്റ്റിലെ (1969-ലെ 21-ാം ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 28-ാം വകുപ്പിന്റെ (8)-ാം ഉപവകുപ്പിന് താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

“ എന്നാൽ ഈ ഉപവകുപ്പിലെ യാതൊന്നുംതന്നെ അഡ്മിനിസ്ട്രേറ്ററാലോ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയാലോ നിയന്ത്രിക്കപ്പെടുന്ന, അംഗമായ ആനന്ദ് മാതൃകാ ക്ഷീര സഹകരണ സംഘത്തിന്റെ വോട്ടവകാശത്തെ ബാധിക്കുന്നതല്ലാത്തതും അഡ്മിനിസ്ട്രേറ്ററോ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയോ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധിയ്ക്ക്, നിർണ്ണയിക്കപ്പെടുന്നപ്രകാരം, മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയന്റെ പൊതുയോഗത്തിൽ പങ്കെടുക്കുന്നതിനും മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയന്റെ മാനേജിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനുവേണ്ടിയുള്ള തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിനുമുള്ള പരിമിത അവകാശം ഉണ്ടായിരിക്കുന്നതുമാണ്.”.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2021-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്റ്റ് പ്രകാരം കേരള സഹകരണ സംഘ ആക്റ്റിലെ 28-ാം വകുപ്പിൽ (8)-ാം ഉപവകുപ്പ് കൂട്ടിച്ചേർത്തിരുന്നു. മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയന്റെ പൊതുയോഗങ്ങളിൽ പങ്കെടുക്കുന്നതിനും മാനേജിംഗ് കമ്മിറ്റിയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനും, മറ്റ് അംഗങ്ങളെ ഒഴിവാക്കിക്കൊണ്ട്, അംഗമായ ആനന്ദ് മാതൃകാ ക്ഷീര സഹകരണ സംഘത്തിന്റെ പ്രസിഡന്റിന് സാധ്യമാകുന്നത് ഉറപ്പാക്കുന്നതിന് വേണ്ടി മാത്രമാണ് ഈ ഉപവകുപ്പ് ചേർത്തത്. ഈ വ്യവസ്ഥ അഡ്മിനിസ്ട്രേറ്റർ / അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരണം നടത്തുന്ന ആനന്ദ് മാതൃകാ ക്ഷീര സഹകരണ സംഘങ്ങളുടെ അവസ്ഥ കൈകാര്യം ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതല്ല.

2. ജനാധിപത്യ പ്രക്രിയയുടെയും 1969-ലെ കേരള സഹകരണ സംഘ ആക്റ്റിലെ 20-ഉം 21-ഉം വകുപ്പുകളുടെയും ഭാരതത്തിന്റെ ഭരണഘടനയുടെ അനുഛേദം 43 ബി-യുടെയും അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് കേന്ദ്ര സംഘങ്ങളിൽ അംഗങ്ങളായ എല്ലാ ആനന്ദ് മാതൃകാ ക്ഷീര സഹകരണ സംഘങ്ങൾക്കും മേഖലാ ക്ഷീരോൽപ്പാദക യൂണിയന്റെ മാനേജിംഗ് കമ്മിറ്റിയുടെ തെരഞ്ഞെടുപ്പിൽ വോട്ട് ഉറപ്പാക്കേണ്ടത് അനിവാര്യമാണ്. അഡ്മിനിസ്ട്രേറ്റർ/അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കീഴിൽ ഭരണനിർവ്വഹണം നടത്തുന്ന ആനന്ദ് മാതൃകാ ക്ഷീര സഹകരണ സംഘങ്ങളുടെ വോട്ടവകാശത്തെ വെട്ടിച്ചുരുക്കാൻ 28-ാം വകുപ്പിന്റെ (8)-ാം ഉപവകുപ്പ് ഉദ്ദേശിച്ചിരുന്നില്ല.

3. എന്നാൽ ഇക്കാര്യത്തിൽ ഒരു വ്യക്തത നൽകേണ്ടത് ആവശ്യമാണെന്ന് കരുതുന്നു. 28-ാം വകുപ്പിന്റെ (8)-ാം ഉപവകുപ്പിന് ആവശ്യമായ വ്യക്തത നൽകുന്നതിനു വേണ്ടി അഡ്മിനിസ്ട്രേറ്ററോ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയോ ഭരണം നടത്തുന്ന ആനന്ദ് മാതൃകാ ക്ഷീര സഹകരണ സംഘങ്ങളുടെ കാര്യത്തിൽ കേരള സഹകരണ സംഘ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്ത പ്രകാരം നിയമിക്കുന്ന പ്രതിനിധിക്ക് മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയനിലെ പൊതുയോഗത്തിൽ പങ്കെടുക്കുന്നതിനും മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയന്റെ മാനേജിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള തെരഞ്ഞെടുപ്പിൽ വോട്ടുചെയ്യുന്നതിനും അവകാശമുണ്ടായിരിക്കും എന്ന രീതിയിൽ ഒരു ക്ലിപ്തനിബന്ധന കൂട്ടിച്ചേർക്കുന്നതിനും സർക്കാർ തീരുമാനിച്ചു.

4. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും ആവർത്തകവും അനാവർത്തകവുമായ യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

**വി. എൻ. വാസവൻ**

(ശരിതർജ്ജമ)

## 1969-ലെ കേരള സഹകരണ സംഘ ആക്റ്റിൽ (1969-ലെ 21-ാം ആക്റ്റ്) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

28. കമ്മിറ്റിയെ നിയമിക്കൽ.—(1) സംഘത്തിന്റെ ജനറൽബോഡി, ഉപനിയമങ്ങൾക്കനുസരണമായി അഞ്ച് വർഷക്കാലയളവിലേയ്ക്ക് ഒരു കമ്മിറ്റി സംഘടിപ്പിക്കുകയും, സംഘകാര്യാദികളുടെ നടത്തിപ്പ് ആ കമ്മിറ്റിയെ ഏൽപ്പിക്കുകയും ചെയ്യേണ്ടതാകുന്നു:

** ** ** **

(8) ഈ ആക്റ്റിലോ, അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലോ, മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയന്റെ ബൈലോകളിലോ, തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ, ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവുകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയന്റെ പൊതുയോഗങ്ങളിൽ പങ്കെടുക്കുന്നതിനും മാനേജിംഗ് കമ്മിറ്റിയിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കാനുമുള്ള, അംഗമായ ആനന്ദ് മാതൃക ക്ഷീര സഹകരണ സംഘത്തിന്റെ പ്രതിനിധി, അംഗമായ ആനന്ദ് മാതൃക ക്ഷീര സഹകരണ സംഘത്തിന്റെ പ്രസിഡന്റ് മാത്രമായിരിക്കും.

** ** ** **